# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

# (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. ജോൺസൺ കെ)

വിഷയം : തസ്വഭവ - (LID & EW) - ജീവനക്കാര്യം - സെലക്ഷൻഗ്രേഡ് ഡ്രൈവർ, സീനിയർഗ്രേഡ് ഡ്രൈവർ, ഡ്രൈവർ ഗ്രേഡ് I എന്നീ തസ്തികകളിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :
1) ജി.ഒ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
2) ഈ കാര്യാലയത്തിലെ 16.04.2018-ലെ ഇതേ നമ്പർ രണ്ടാംതരം ഡ്രൈവർമാരുടെ മുൻഗണനാപ്പട്ടിക
3) ഈ കാര്യാലയത്തിലെ 19.11.2019-ലെ ഇതേ നമ്പർ ഒന്നാംതരം ഡ്രൈവർമാരുടെ മുൻഗണനാപ്പട്ടിക
4) ഈ കാര്യാലയത്തിലെ 24.09.2019-ലെ ഇതേ നമ്പർ ഉത്തരവ്
5) ഈ കാര്യാലയത്തിലെ 03.01.2020-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നം. എ2-248/2015/സിഇ/തസ്വഭവ തീയതി 30/10/2020

ഈ വകുപ്പിലെ 18 ഡ്രൈവർ തസ്തികകളെ മേൽ പരാമർശം (1) ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി Senior Grade Driver, Driver Gr. I, Driver Gr. II എന്നീ തസ്തികകളായി 1:1:1 അനുപാതത്തിൽ, യഥാക്രമം 6, 6, 6 എന്നിങ്ങനെ വിന്യസിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിലെ 10% ജീവനക്കാർക്ക് സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് പരാമർശം (1) പ്രകാരം ആനുപാതിക സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിലെ സീനിയർ ഗ്രേഡ് ഡ്രൈവർമാരിൽ സീനിയർമോസ്റ്റായ ശ്രീ. പത്മദാസ് കെ-യ്ക്ക് 27800-59400 രൂപ ശമ്പളസ്കെയിലിൽ സെലക്ഷൻഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. മൂന്നാം സമയബന്ധിത ഹയർഗ്രേഡ് ലഭ്യമായ ജീവനക്കാർക്ക് ഈ ആനുപാതികമായ സ്ഥാനക്കയറ്റത്തിന് ശമ്പളനിർണ്ണയ ആനുകൂല്യം ലഭിക്കുന്നതല്ല.

ഈ വകുപ്പിൽ സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരന്റെ വിരമിക്കൽ മുഖേന നിലവിൽ വന്ന സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് ഈ വകുപ്പിൽ ഡ്രൈവർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജാദാസ് പി.കെ-യ്ക്ക് 22200-48000 രൂപ ശമ്പളസ്കെയിലിൽ സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ ആനുപാതിക സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. രണ്ടാം സമയബന്ധിത ഹയർഗ്രേഡ് ലഭ്യമായ ജീവനക്കാർക്ക് ഈ സ്ഥാനക്കയറ്റത്തിന് ആനുപാതിക ശമ്പളനിർണ്ണയ ആനുകൂല്യം ലഭിക്കുന്നതല്ല.

ഡ്രൈവർ ഗ്രേഡ് I തസ്തികയിൽ നിലവിലുണ്ടായിരുന്ന 5 ഒഴിവുകളോടൊപ്പം മേൽ പരാമർശിത സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ ആനുപാതിക സ്ഥാനക്കയറ്റം മുഖേന ഡ്രൈവർ ഗ്രേഡ് I തസ്തികയിൽ നിലവിൽ വരുന്ന ഒരു ഒഴിവും ഉൾപ്പെടെ 6 ഒഴിവുകളിലേയ്ക്ക് പരാമർശം (2) പ്രകാരം ഈ വകുപ്പിലെ രണ്ടാംതരം ഡ്രൈവർമാരുടെ അന്തിമ മുൻഗമനാപ്പട്ടികയിൽ നിന്നും ചുവടെ പേര് ചേർക്കുന്ന Gr. II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് അവരവരുടെ പേരിന് നേരെയുള്ള തീയതി പ്രാബല്യത്തിൽ 20000-45800 രൂപ ശമ്പള സ്കെയിലിൽ ഡ്രൈവർ ഗ്രേഡ് I തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഒന്നാം സമയബന്ധിത ഹയർഗ്രേഡ് ലഭ്യമായ ജീവനക്കാർക്ക് ഈ സ്ഥാനക്കയറ്റത്തിന് ആനുപാതികമായ ശമ്പളനിർണ്ണയ ആനുകൂല്യം ലഭിക്കുന്നതല്ല.

| Sl. No | Rank No | Name | Date of Birth | Date of effect of Ratio based promotion as Driver Gr. I | Remarks |
|---|---|---|---|---|---|
| 1 | 8 | Vaisakh P T | 28.05.1986 | 01.07.2020 | |
| 2 | 10 | Biju K T | 31.05.1982 | 01.07.2020 | |
| 3 | 11 | Santhosh Kumar U | 24.05.1977 | 01.07.2020 | |
| 4 | 12 | Vigeesh Velayudhan | 13.09.1989 | 01.07.2020 | |

ടി ജീവനക്കാർക്ക് KSR ഭാഗം I-ലെ ചട്ടം 23 പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഒപ്പ്
**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**
(ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധികച്ചുമതല)

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**

P 812